"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ് - ചാമ്പ്യൻസ് ബോട്ട് ലീഗ് വള്ളം കളി 2023 - കണ്ണൂർ അഞ്ചരക്കണ്ടിയിൽ നടന്ന മത്സരത്തിന് മുഴുപ്പിലങ്ങാട് ബീച്ചിൽ ഹോർഡിംങ്സ് സ്ഥാപിക്കുവാൻ അനുമതി നൽകിയ നടപടി -സാധൂകരിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**വിനോദസഞ്ചാര (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.193/2024/TSM തീയതി,തിരുവനന്തപുരം, 29-03-2024

---

പരാമർശം:-
1. 25-09-2023-ലെ സ.ഉ(സാധാ) നം.498/2023/TSM നമ്പർ ഉത്തരവ്.
2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 06.09.2023 ലെ 13580/2023-P9 നമ്പർ നടപടിക്രമം.
3. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 20.10.2023 ലെ DOT/13580/2023-P9 നമ്പർ കത്ത്.

**ഉത്തരവ്**

ചാമ്പ്യൻസ് ബോട്ട് ലീഗ്- 2023 സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി അഞ്ചരക്കണ്ടി, ചാലിയാർ എന്നീ വേദികളിൽ ഉൾപ്പെടെ സി.ബി.എൽ നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള വേദികളിലെ മത്സരനടത്തിപ്പിനായി 2023-2024 സാമ്പത്തിക വർഷം, 12 കോടി രൂപയുടെ ഭരണാനുമതി നൽകി പരാമർശം(1) പ്രകാരം ഉത്തരവായിരുന്നു.

2. അഞ്ചരക്കണ്ടിയിൽ ചെറുവള്ളങ്ങളുടെ മത്സരം സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി പരാമർശം (2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ അനുമതി നൽകിയ വിവിധ പ്രവൃർത്തികളിൽ മുഴുപ്പിലങ്ങാട് ബീച്ചിൽ ഹോർഡിംഗ്സ് സ്ഥാപിക്കുന്നതിന് അനുമതി നൽകിയ നടപടി മാത്രം സാധൂകരിച്ചു നൽകണമെന്ന് പരാമർശം (3) പ്രകാരം വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചാമ്പ്യൻസ് ബോട്ട് ലീഗിനോടനുബന്ധിച്ച് അഞ്ചരക്കണ്ടിയിൽ ചെറുവള്ളങ്ങളുടെ മത്സരം സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി പരാമർശം (2) പ്രകാരം അനുമതി നൽകിയ വിവിധ പ്രവർത്തികളിൽ മുഴുപ്പിലങ്ങാട് ബീച്ചിൽ ഹോർഡിംഗ്സ് സ്ഥാപിക്കുന്നതിന് ജി.എസ്.ടി ഉൾപ്പെടെ ₹54,280 രൂപയുടെ(അമ്പത്തിനാലായിരത്തി ഇരുന്നൂറ്റി എൺപത് രൂപ) അനുമതി നൽകിയ വിനോദ സഞ്ചാര വകുപ്പ് ഡയറക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I / ഓഡിറ്റ് II), കേരള, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം സബ് ട്രഷറി, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Archana T
Date: 30-03-2024 10:50:44
സെക്ഷൻ ഓഫീസർ

പകർപ്പ്:-
വിനോദ സഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
വിനോദ സഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ യ്ക്ക്